(ബി) ഉണ്ടെങ്കിൽ കാരണമെന്ത്;

(സി) ലോക്കൽ പോലീസിനു 40 ശതമാനവും, റിസർവ്വ് പോലീസിനു അൻപത് 50 ശതമാനവും മാർക്ക് വേണമെന്നുണ്ടായിരുന്ന ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ വ്യത്യാസം മാറ്റി തുല്യമാർക്ക് ഇരുവിഭാഗത്തിനും നടപ്പാക്കുമോ?

വിദ്യാഭ്യാസവും, ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) ലോക്കലിലും, റിസർവ്വിലും സേവനമനുഷ്ഠിക്കുന്ന പോലീസുകാരുടെ ചുമതലകളുടെ വ്യത്യാസം കണക്കിലെടുത്തുകൊണ്ട് അവർക്കു പ്രത്യേകം ടെസ്റ്റുകൾ നടത്തുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ലോക്കൽ പോലീസിലുള്ളവർക്ക് കൂടുതൽ നിയമപരവും, കുറ്റാന്വേഷണം തുടങ്ങിയ സങ്കീർണ്ണങ്ങളായ വിഷയങ്ങളിലാണ് പരീക്ഷ നടത്തുന്നത്. റിസർവ്വ് പോലീസിലുള്ളവർക്ക് പ്രാവുകാരുടെ ചുമതലകൾ, ആയുധങ്ങൾ സൂക്ഷിക്കുന്നവിധം, ക്യാമ്പ് റൊട്ടീൻ ഇവയിൽ എഴുത്തുപരീക്ഷയും, ഡ്രിൽ, ലാത്തി ഡ്രിൽ, ആയുധപരിശീലനം, മോബ് ഓപ്പറേഷൻ ഈ വിഷയങ്ങളിൽ പ്രായോഗിക പരീക്ഷയുമാണ് നടത്തുന്നത്. രണ്ട് കൂട്ടർക്കുമുള്ള വിഷയങ്ങളുടെ വൈവിദ്ധ്യംകൊണ്ടും അവയിൽ ഉത്തരമെഴുതുന്നതിന് നേടേണ്ട അറിവ് ആർജ്ജിക്കുന്നതിനുള്ള കഴിവിലുള്ള അന്തരംകൊണ്ടുമാണ് ഇപ്രകാരം ശതമാന വ്യത്യാസം വ്യവസ്ഥചെയ്തിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വിഷയങ്ങളിലുള്ള വൈവിദ്ധ്യം നിമിത്തവും, അവയിലുള്ള താരതമ്യപ്രാഗൽഭ്യം അളക്കുന്നതിന് ഇപ്പോഴുള്ള തോതാണ് ഉത്തമമെന്നു കരുതുന്നതുകൊണ്ടും സാദ്ധ്യമല്ല.

കുറഞ്ഞശമ്പളസ്കെയിലിലുള്ള തസ്തികകൾ

* 173. [630] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയെ മറുപടിനൽകുമോ:

(എ) 1953–54–ൽ സംസ്ഥാന സർവ്വീസിലെ എത്തെല്ലാം തസ്തികകൾക്ക് രൂപ–25–30 എന്ന ക്രമത്തിൽ ശമ്പളസ്കെയിൽ നിലവിലിരുന്നു;

(ബി) പ്രസ്തുത തസ്തികകൾക്കു ഇപ്പോൾ നൽകുന്ന ശമ്പളക്രമം എന്താണെന്നു വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾക്ക് ഇപ്പോൾ നൽകുന്ന ശമ്പള നിരക്ക് ഒരോന്നിനും വിവിധ രീതിയിലുള്ളതാണെങ്കിൽ അത് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ,ബി) 1953–54–ൽ 25–30 രൂപ ശമ്പള സ്കെയിൽ ഉണ്ടായിരുന്ന തസ്തികകളും പ്രസ്തുത തസ്തികകൾക്കു ഇപ്പോൾ നിലവിലുള്ള ശമ്പള സ്കെയിലുകളും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ശമ്പള പരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് അനുവദിച്ച സ്കെയിലുകളാണ് ഇന്നു നിലവിലുള്ളത്. ഓരോ തസ്തികയ്ക്കും മുമ്പുണ്ടായിരുന്ന സ്കെയിൽമാത്രം അടിസ്ഥാനമാക്കിയല്ല ശമ്പള പരിഷ്കരണം നടത്തിയത്. ജോലിയുടെ സ്വഭാവം, നിർദ്ദിഷ്ട വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസ യോഗ്യത, പ്രൊമോഷൻ സാദ്ധ്യതകൾ മുതലായവ കൂടി കണക്കിലെടുത്താണ് കമ്മീഷൻ ശമ്പളം പുനർനിർണ്ണയം ചെയ്തത്. ഈ വിധം തസ്തികകളെ വിലയിരുത്തി ശമ്പളം പുനർനിർണ്ണയം ചെയ്യുമ്പോൾ മുമ്പു ഒരേ സ്കെയിലിലിരുന്ന ചില തസ്തികകൾ വ്യത്യസ്ത സ്കെയിലുകളിൽ ആയിത്തീരുക സ്വാഭാവികമാണ്. അവയെ വീണ്ടും ഒരേ സ്കെയിലിൽ കൊണ്ടുവരിക സാദ്ധ്യമല്ല.

പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പുനർനിയമനം

* 174. [631] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് പുനർനിയമിക്കുവാനുള്ള സാഹചര്യമെന്താണ്;

(ബി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ കൂടിയാലോചനകൾ നടത്തുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) 3-3-69-ൽ അവർ സമർപ്പിച്ച മെമ്മോറാണ്ടം പരിശോധിച്ചശേഷം 9-2-1970-ൽ പുറപ്പെടുവിച്ച ഗവൺമെന്റുത്തരവ് അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് പുനർനിയമനം ശുപാർശ ചെയ്തത്.

(ബി) കൂടിയാലോചനകളുടെ ഫലമായി സമരം പിൻവലിക്കപ്പെട്ടു.

പൊതുക്കടം

* 175. [636] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാനത്തിന് മൊത്തത്തിൽ എത്ര കോടി രൂപയുടെ പൊതുക്കടം ഉണ്ട്?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

കേരള സംസ്ഥാനത്തിന് 31-3-1970-ൽ മൊത്തം 270.78 കോടി രൂപയുടെ കടം ഉണ്ടായിരിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(31-3-1970 ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരം നൽകിയിട്ടുള്ളത്.)

ഡി. ഈ. ഓ മാർ

* 176. [639] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെഡ്മാസ്റ്റർമാരെ ഡി. ഈ. ഓ മാരായി പ്രൊമോട്ടു ചെയ്യുന്നതിന് മുമ്പ് ഡി. ഈ. ഓ. മാരുടെ പി. എ. ആയി സേവനം അനുഷ്ഠിക്കണം എന്ന കോത്താരി കമ്മീഷൻ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു വിപരീതമായി ഈ സ്കൂൾ വർഷത്തിൽ ആരെയെങ്കിലും ഡി. ഈ. ഓ. ആയി പ്രമോട്ടുചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX—I

(*Please see Answer to Question No* * 173(630) *dated* 12-3-1970)

1954—ൽ 25 രൂപ ശമ്പള സ്കെയിലിൽ ഇരുന്ന തസ്തികകളും അവയുടെ ഇപ്പോഴത്തെ ശമ്പള സ്കെയിലുകളും കാണിക്കുന്ന പട്ടിക.

ഡിപ്പാർട്ടുമെൻറ്	തസ്തിക	1954—ലെ ശമ്പള നിരക്ക്	ഇപ്പോഴുള്ള നിരക്ക് (1—7—68 മുതൽ നിലവിലുള്ളത്) രൂപ
റവന്യൂ	കോപ്പിയിസ്റ്റ്	25—30	90—190
എക്സൈസ്	വില്ലേജ് അസിസ്റ്റൻറ്	,,	90—190
എക്സൈസ്	സിറാംഗ്	,,	80—150
ടൂറിസ്റ്റ്	ബട്ലർ	,,	75—130
	കുക്ക്	,,	75—130
സെക്രട്ടറിയേറ്റ്	ഹെഡ്ഗാർഡനർ	,,	75—130
	പാക്കർ	,,	75—130
ജയിൽ	വീവർ	,,	80—150
പോലീസ്	വെറ്റെറിനറി കമ്പൗണ്ടർ	,,	100—210
പോർട്ട്	സിഗ്നലർ	,,	85—175
ജിയോളജി	സെക്ഷൻ കട്ടർ	,,	75—130
മ്യൂസിയം ആൻറ് സൂ	മേസ്ത്രി	,,	85—175
മെഡിക്കൽകോളേജ്	ടെക്നിഷ്യൻ	,,	100—210
ഇൻഡിജിനസ് മെഡിസിൻ	സ്റ്റോറർ കീപ്പർ	,,	80—150
	നേഴ്സ്	,,	90—190
	കമ്പൗണ്ടർ	,,	90—190
അഗ്രിക്കൾച്ചർ	മേസ്ത്രി	,,	75—130
ഫിഷറീസ്	സിറാംഗ്	,,	85—175
പഞ്ചായത്ത്	മിഡ്വൈഫ്	,,	110—220
ലേബർ	വെൽഫയർ അസിസ്റ്റൻറ്	,,	90—190
ഹരിജൻ വെൽഫയർ	വീവർ	,,	75—130
പബ്ലിക് വർക്സ്	ട്രേസർ	,,	90—190
	ബ്ലൂപ്രിൻറർ	,,	80—150
പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ്	ടേൺകോക്ക്	,,	75—130
സ്റ്റേഷനറി	പാക്കർ	,,	75—130
ഗവൺമെൻറ് പ്രസ്സ്	ഗേറ്റ് കീപ്പർ	,,	75—130
	എക്സാമിനർ	,,	80—150
	പ്രിൻറർ	,,	90—190

LIBRARY ARCHIVES Kerala Legislative Assembly

വിവിധ ഡിപ്പാർട്ടുമെൻറുകൾ	അറൻഡർ	25–30	75–130
	ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ	,,	75–130
	എൻജിൻ ഡ്രൈവർ	,,	85–175
	സൂപ്രണ്ടർ അറൻഡർ	,,	75–130
	സൂപ്രണ്ടർ അസി സൂപ്രണ്ടൻറ്	,,	90–190
	ലാബ്രട്ടറി അസിസൂപ്രണ്ടൻറ്	,,	80–150

———————

LIBRARY ARCHIVES Kerala Legislative Assembly